# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നഗരവികസന മാസ്റ്റർ പ്ലാൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5582 27.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ<br>,, പി.ടി. തോമസ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും ഘട്ടം ഘട്ടമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മൂന്ന് ഘട്ടമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിനകം ഏതെല്ലാം നഗരങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്; | (ബി) | സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ നഗരങ്ങളിൽ വികസനപ്രവർത്തനങ്ങൾ അതിനനുസൃതമായിട്ടാണോ നടപ്പിലാക്കുന്നത്; ഇത് നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്? | (സി) | മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട നഗരസഭകളുടെ ഉത്തരവാദിത്വമാണ്. മാസ്റ്റർപ്ലാനുകൾ നിലവിൽ വന്ന ശേഷം മാസ്റ്റർപ്ലാനുകളിലെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിനനുസൃതമായിട്ടാണ് കെട്ടിട നിർമ്മാണങ്ങളും ഭൂവിനിയോഗവും നിയന്ത്രിക്കുന്നത്. ഇത്തരത്തിൽ, വാർഷിക പദ്ധതികൾ/ പഞ്ചവൽസര പദ്ധതികൾ തയ്യാറാക്കുമ്പോൾ മാസ്റ്റർപ്ലാൻ പദ്ധതികൾ പരിഗണിക്കാറുണ്ട്. ചില മാസ്റ്റർപ്ലാനുകളിൽ നഗരസഭാ തലത്തിൽ മാസ്റ്റർപ്ലാൻ നടത്തിപ്പിന്റെ മേൽ നോട്ടത്തിനായി നഗരസഭാ ചെയർമാൻ, അദ്ധ്യക്ഷനായ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പട്ടിക

**"മാസ്റ്റർപ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർപ്ലാനുകൾ**

| ക്രമ നം. | മാസ്റ്റർപ്ലാനുകളുടെ സ്ഥിതി | | പട്ടണങ്ങളുടെ പേര് |
|---|---|---|---|
| I | അംഗീകരിച്ചത് | 1 | പരവൂർ |
| | | 2 | ചങ്ങനാശ്ശേരി |
| | | 3 | വൈക്കം |
| | | 4 | തലശ്ശേരി |
| | | 5 | മലപ്പുറം |
| | | 6 | കോഴിക്കോട് അർബൻ ഏരിയ (കോഴിക്കോട്, ഫറൂഖ്, രാമനാട്ടുകര + പഞ്ചായത്തുകളായ ഒളവണ്ണ, കടലുണ്ടി) |
| II | പ്രസിദ്ധീകരിച്ചത് | 1 | പാല |
| | | 2 | കൊല്ലം (+ പഞ്ചായത്തുകളായ നീണ്ടകര, കൊറ്റംകര) |
| | | 3 | നോർത്ത് പറവൂർ |
| | | 4 | കാസർഗോഡ് |
| | | 5 | തിരുവനന്തപുരം |
| | | 6 | ഗുരുവായൂർ |
| | | 7 | കണ്ണൂർ |
| | | 8 | ആലപ്പുഴ |
| | | 9 | പെരുമ്പാവൂർ |
| | | 10 | പാലക്കാട് |
| | | 11 | കായംകുളം |
| | | 12 | ആലുവ |
| | | 13 | കോട്ടയം (+ പഞ്ചായത്തുകളായ കുമാരനെല്ലൂർ, വിജയപുരം, പനച്ചിക്കാട്) |

| | | | |
|---|---|---|---|
| | | 14 | വടകര |
| | | 15 | തൃശ്ശൂർ |
| | | 16 | കരുനാഗപ്പള്ളി |
| | | 17 | പെരിന്തൽമണ്ണ |
| | | 18 | മട്ടന്നൂർ |
| | | 19 | പുനലൂർ |
| III | പ്രസിദ്ധീകരണാനുമതി നൽകിയത് | 1 | തിരുവല്ല |
| | | 2 | കൊടുങ്ങല്ലൂർ |

സെക്ഷൻ ഓഫീസർ